LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ സ്കൂളുകളിലെയും സ്ഥിര അദ്ധ്യാപകരുടെയും ദിവസവേതന അദ്ധ്യാപകരുടെയും എണ്ണം തരംതിരിച്ചു ലഭ്യമാക്കുമോ?

വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഡി) ഈ വിദ്യാലയങ്ങളിൽ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകർക്ക് കോവിഡ് മഹാമാരിയുടെ കാലത്ത് സർക്കാർ സമാശ്വാസ പദ്ധതികളെന്തെങ്കിലും നടപ്പാക്കുകയുണ്ടായോ; വിശദാംശം നൽകുമോ ?

26-2-21-ലെ സ.ഉ. (സാധാ) നമ്പർ 1957/21/പൊ.വി.വ. പ്രകാരം ജനുവരി 2021 മുതൽ മാർച്ച് 2021 വരെയുള്ള വേതനം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിലെ ഓൺലൈൻ പഠനം**

181 (791) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ പഠനത്തിന് ഏകീകൃത പ്ലാറ്റ്ഫോം സജ്ജമാക്കിയിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങളും സവിശേഷതകളും അറിയിക്കാമോ?

ഉണ്ട്. കുട്ടികൾക്ക് നേരിട്ട് അവരുടെ അദ്ധ്യാപകരുമായി സംവദിക്കാൻ കഴിയുന്നതരത്തിൽ Google Workspace for Education (ജി സ്യൂട്ട് ഫോർ എഡ്യൂക്കേഷൻ പ്ലാറ്റ്ഫോം) ഔദ്യോഗികമായി ഉപയോഗിക്കുന്നതിനുള്ള ധാരണാപത്രം ഗൂഗിൾ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പുവച്ചു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനായി ഗൂഗിൾ ലഭ്യമാക്കുന്ന ജി-സ്യൂട്ട് ഉപയോഗിക്കുന്നതുകൊണ്ട് താഴെപ്പറയുന്ന പ്രത്യേകതകളുണ്ട്.

പ്രത്യേക ഡൊമൈൻ

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇതിനായി പ്രത്യേക ഐ.ഡി. വ്യക്തിഗത വിവരങ്ങൾ ഷെയർ ചെയ്യുന്നില്ല, (ഡാറ്റാ സുരക്ഷ).

ഗൂഗിൾ

ക്ലാസ് റൂമിനകത്തുതന്നെ ഗൂഗിൾ മീറ്റ് സൗകര്യം. ഗൂഗിൾ മീറ്റ് ഉപയോഗിക്കുമ്പോൾ പുറമെനിന്നുള്ള നുഴഞ്ഞുകയറ്റം സാധ്യമല്ല. ഇൻവൈറ്റ് ചെയ്യുന്നവർക്ക് നേരിട്ട് മീറ്റിൽ പ്രവേശിക്കാം.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

Hand Raise സംവിധാനം Recording

റെക്കോർഡ് ചെയ്ത വിഭവം ലിങ്ക് ഷെയർ ചെയ്ത് ഉപയോഗിക്കാം. ക്ലാസ്സിനകത്തെ ഗ്രൂപ്പിൽ മീറ്റ് ഡിസേബിൾ ചെയ്യാനുള്ള സൗകര്യം ഗ്രൂപ്പിൽ മീറ്റിലെ Host Controls സൗകര്യങ്ങൾ (പാർട്ടിസിപ്പെൻസിനെ മ്യൂട്ട് ചെയ്യാം, സ്ക്രീൻ ഷെയർ കൺട്രോൾ ചെയ്യാം, ചാറ്റ് കൺട്രോൾ ചെയ്യാം). ഗ്രൂപ്പിൽ ക്ലാസ്റൂം ഉപയോഗിക്കുമ്പോൾ ഡ്രൈവ് ഉപയോഗിക്കുന്നതിനാൽ ഫോണിലെ സ്റ്റോറേജ് പ്രശ്നം വരുന്നില്ല. ആവശ്യമായ ആപ്പുകൾക്കുമാത്രം അക്സസ് കൊടുക്കാം. അല്ലാത്തവ ഡിസേബിൾ ചെയ്യാം. ഓരോ വിഭാഗം യൂസർക്കും (അധ്യാപകർ, വിദ്യാർത്ഥി) പ്രത്യേകം പെർമിഷനുകൾ ക്രമീകരിക്കാം. മെയിലിൽത്തന്നെ ചാറ്റ് റൂം സൗകര്യം, സ്കൂൾ അഡ്മിന് യൂസറെ കൺട്രോൾ ചെയ്യാം, യൂസറുടെ പ്രിവിലേജുകൾ ക്രമീകരിക്കാം. അനോണിമസായി പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കില്ല. ട്രാക്ക് ചെയ്യാം.

ഗ്രൂപ്പിംഗ് സൗകര്യം

സ്റ്റേറ്റ് അഡ്മിന്, എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുമിച്ച് സന്ദേശം അയയ്ക്കാം.

Reporting സൗകര്യം

യൂസറുകളുടെ ആപ്പ് യൂസേജ് പരിശോധിക്കാം. - Auditing

(ബി) ജി-സ്യൂട്ട് ഉപയോഗിക്കുന്നതിനായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം ആവശ്യമായി വരുന്നുണ്ടോ; എങ്കിൽ അതിനേർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ?

ഉണ്ട്. സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പാക്കുന്നതിനുമുമ്പ് തിരുവനന്തപുരം പിരപ്പൻകോട് സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ട്രയൽ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് 14 ജില്ലകളിലുമായി 34 വി.എച്ച്.എസ്.എസ്.-കളിലും ട്രയൽ നടക്കുകയാണ്. 10, 12 ക്ലാസ്സുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി ഓരോ ജില്ലയിലും ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പൈലറ്റ് ആരംഭിക്കുന്നതിന് ക്രമീകരണങ്ങളൊരുക്കിയിട്ടുണ്ട്. ജി സ്യൂട്ട് സോഫ്റ്റ്വെയറിൽ കുട്ടികൾക്ക് ലോഗിൻ നൽകി അതുവഴി അദ്ധ്യാപകർക്കും കുട്ടികൾക്കും പരിശീലനം നൽകുന്ന പ്രവർത്തനങ്ങളാരംഭിച്ചു.

(സി) വ്യക്തിഗത വിവര സുരക്ഷയും ഡാറ്റ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ അറിയിക്കാമോ?

കുട്ടികളുടെയോ അദ്ധ്യാപകരുടെയോ വ്യക്തിഗത വിവരങ്ങളൊൾപ്പെടുത്താതെ ലോഗിൻ ചെയ്ത് ക്ലാസ്സുകളിൽ പ്രവേശിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ആയതിനാൽ വ്യക്തിഗത വിവരങ്ങൾ ഒരിക്കലും പുറത്തുപോകുന്ന സാഹചര്യം നിലവിലില്ല.

(ഡി) ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ലഭ്യത ഉറപ്പുവരുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഓൺലൈൻ ക്ലാസ്സുകളാരംഭിക്കുമ്പോൾ അത് എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിലാണ് ക്രമീകരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് കൈറ്റ് വഴി സ്കൂളുകൾക്ക് നൽകിയിട്ടുള്ള കമ്പ്യൂട്ടറുകൾ തിരിച്ചെടുത്ത് നൽകുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചു. 2021-22 അദ്ധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നതും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്തതുമായ കുട്ടികൾക്ക് അവ ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./ എസ്.എം.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഇതിനകം ഒരു ലക്ഷത്തിൽപ്പരം ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെയും പി.റ്റി.എ.-യുടെയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് നടന്നുവരുന്നു. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മലയോര മേഖലകളിലും ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലെ ഉൾപ്രദേശങ്ങളിലും വൈദ്യുതി, ഇന്റർനെറ്റ്, കേബിൾ കണക്ഷനുകൾക്ക് ദുർലഭ്യം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly